
**FATIMA MATA NATIONAL COLLEGE (AUTONOMOUS)**



# Pyarima

College Magazine
2017-2018

Scanned with CamScanner




Scanned with CamScanner



പൂവിനാവുകയില്ലതിനാത്മ
സൗരഭ്യമൊളിപ്പിക്കുവാൻ
കേവലനിശ്വാസമായത്
നിർഗ്ഗമിക്കുന്നു
കാറ്റിനാവുകയില്ലതു
മടിയിലൊതുക്കുവാൻ
കാറ്റുപോം മാർഗ്ഗങ്ങളി-
ലാഗന്ധം പരക്കുന്നു.

ഉജ്ജയിനി – ഒ.എൻ.വി. കുറുപ്പ്

# പ്യാരിമ
# Pyarima

College Magazine
2017-2018

**FATIMA MATA NATIONAL COLLEGE (AUTONOMOUS),**

Chief Editor : Dr Vincent B. Netto

Staff Editors :
Dr Supriya M., Prof Roshiny M., Dr Satheesh Kumar, Prof Li

Student Editor : Kiran J.

Editorial Board :
Kiran,Joshua,Oleed,Ajith,Oygan,Kashinath,
Gayathri, Arunima, Swathy,Arya,Haleema

Illustration : Oleed,Ajith

Coverpage Design : Emmanuel Bobby Gomez

Design & Print : Limara, Pallimukku. Ph-0474-27238

Scanned with CamScanner

# എഡിറ്റോറിയൽ



**കിരൺ ജെ.**
(മാഗസിൻ എഡിറ്റർ)

ഒരു വാഗ്ദാന പാലനത്തിന്റെ
ചാരിതാർത്ഥ്യത്തോടെയാണ്
ഈ മാഗസിൻ
ഞാൻ നിങ്ങൾക്ക് സമർപ്പിക്കുന്നത്....
ഇതിലെ അക്ഷരക്കൂട്ടങ്ങൾ
അകലങ്ങളിലെവിടെയോ മറഞ്ഞിരിക്കുന്ന
നമ്മുടെ സ്വപ്നങ്ങൾക്ക്
അഗ്നിചിറകുകൾ നൽകും....
അറിവിനെ മേച്ചിൽപ്പുറങ്ങളിലൂടെ നടത്തും....
ജീവിതത്തിന് നിത്യത പ്രദാനം ചെയ്യും...
കാരണം,
അക്ഷരം നാശമില്ലാത്തതാണ്....
അഗ്നിയാണ്....
അത് ചെറുതല്ലാത്ത ഒരു മാറ്റം നിന്നിലുണ്ടാക്കും.
പ്രിയമുള്ളവരേ,
ജീവിതത്തിൽ കൂടെക്കൂട്ടേണ്ടത്
അക്ഷരങ്ങളെയാണ്....
സമർത്ഥനായ പോരാളിയുടെ കയ്യിലെ
ആയുധം പോലെയാണ് അക്ഷരങ്ങൾ....
അത് പ്രകമ്പനമുണ്ടാക്കും....
അത് നിന്നെ വിശുദ്ധനാക്കും....
നീ വിരൽത്തുമ്പിലെ നനവുകൊണ്ട്
ഓരോ താളും പിന്നിടുമ്പോൾ....
വാക്കുകൾ നിന്നോട് സംസാരിക്കും....
ഒരു മാന്ത്രികനെപ്പോലെ.....
ഒരു പ്രവാചകനെപ്പോലെ....

ചിന്തിക്കുവാനും ചർച്ചാവിഷയമാക്കാനുമുള്ള
ആശയങ്ങൾ ഇതിലുണ്ട്....
മറിക്കപ്പെടുന്ന ഓരോ താളുംനിന്റെ നാവിനെ രസിപ്പിക
വേനലിൽ തളിർക്കുന്ന ഇളം നാമ്പുകളുടെ
പവിത്രത നമ്മിൽ രൂപപ്പെടട്ടെ....
പിഞ്ചുപൈതലിന്റെ പുഞ്ചിരി നമ്മിൽ പ്രകാശിക്കട്ടെ...
ഉദയസൂര്യന്റെ പ്രഭാകിരണങ്ങൾ നമ്മിൽ വിളങ്ങട്ടെ...
സുഹൃത്തേ,
എന്റെ യാത്രയുടെ മുഴുവൻ നൊമ്പരങ്ങളും
ഏറ്റുവാങ്ങിയ ഈ മാഗസിൻ ഇനി നിങ്ങളുടേതാണ്...
അലസമായി മറിച്ചു നോക്കി കടന്നു പോകാം....
വരികൾക്കിടയിൽ കണ്ണീരിന്റെ നനവ് കണ്ടെത്തി
പതിയെ വിരൽത്തുമ്പോടിക്കാം.....
ഓർക്കുക.... നാം അതിജീവിച്ചവരാണ്....
വിതച്ചു പോയത് നോവായിരുന്നു
തേകി നനച്ചത് കണ്ണീരും
പതിരേതുമില്ലാത്തൊരു നോവുപാടം.

Scanned with CamScanner

Editorial Board....13
College Union....14
Our Pride....15
Union Report....16
പ്രളയകാലം....19
ചായം....24
ആദ്യ ചുംബനം....29
പ്രളയം പ്രകൃതിയുടെ പ്രതികാരമോ?....20
ലവ്‌ലെറ്റർ....23
Dancing Girl and Mourning Princess....31
ഞാൻ ഒരു നിഴൽ....27
ഹാഷ്ടാഗ്....38
Transcending the Barriers....25
Let the Gods have their Say....32
A Note from the One You Never Knew....26
Silencing the Voices of Dissent....39
The Phoenix....36
തിരിച്ചുപിടിക്കാം....37
സദാചാരം അതിരു കടക്കുമ്പോൾ....33
അബോർഷൻ....46
Identity....54
അവൾ മറന്നുവെച്ചത്....34
ശബ്ദങ്ങൾ അടിച്ചമർത്തപ്പെടുമ്പോൾ....43
നട്ടപിരാന്ത്....47
Imprints of a Heart....41
ദൈവം ഇരുമ്പ് സൃഷ്ടിച്ചു....44
Solitude....45
നന്മ നിലാവ്....63
അതിജീവനം....42
വിസ്മൃതി....50
വിടരും മുൻപെ കൊഴിഞ്ഞവൾ....51
അതിരില്ലാതെ....55
Think, Explore, Set Ourselves Free....49
അതിജീവനമാണ് വിപ്ലവം....52
ഇന്ത്യൻ ജനാധിപത്യവും മാധ്യമ സ്വാതന്ത്ര്യവും....56
ആണും പെണ്ണും മാത്രമല്ല....59
ജന്മം....66
Surviving Gender Equality....62
The Dream of a Cornflower....58
നിറക്കൂട്ട്....61
Musings Of The Collector Bro....72
ശാസ്ത്രസാങ്കേതികവിദ്യയിലേക്കുള്ള ഇന്ത്യയുടെ കുതിപ്പ്....64
Life is Beautiful....65
Union Inauguration....67
Arts Day....68
Womens Day....69
വിരൽത്തുമ്പിലെ വർണ്ണങ്ങൾ....71
Onam & Christmas Celebrations....70
അതിജീവന പാഠം....77
The Cycle of the World....78
ഒന്ന് ചിന്തിച്ച് നോക്കണേ കേട്ടോ....75
केरल में हिन्दी शिक्षण....81
La Réussite Au-Delà Les Frontières....82
അഭ്രപാളികളിലെ നാൽപതു വർഷങ്ങൾ....79
सपने के साथ....83
J'étudie....84
NSS report 2017-18....85
FSA Report....91
NCC Army wing Annual Report 2017-2018....88
Highlights of the Year....90
അതിജീവനം ക്യാമറക്കണ്ണുകളിലൂടെ....93
NCC Naval Unit Annual Report 2017-2018....89
Sports Day....94
College Day....95
Athletics 97
നന്ദി....99
University Winners....96


Scanned with CamScanner

# സമന്വയ കലാലയ യൂണിയൻ റിപ്പോർട്ട് 2017–18

## ഫാത്തിമ മാതാ നാഷണൽ കോളേജ് (ഓട്ടോണോമസ്) കൊല്ലം

**കൊല്ല**ത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നിസ്തുലസംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന കോളേജാണ് ഫാത്തിമ മാതാ നാഷണൽ കോളേജ്. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഈ കലാലയത്തിലെ യൂണിയൻതെരെഞ്ഞെടുപ്പ് 28-09-2017 ൽ നടത്തപ്പെട്ടു. മത്സരിച്ച മുഴുവൻ സീറ്റുകളിലും ഇന്ത്യൻ വിദ്യാർത്ഥി പ്രസ്ഥാനം ഏകപക്ഷീയമായി വൻഭൂരിപക്ഷത്തിൽ വിജയിക്കുകയും ഫാത്തിമയുടെ മാറിൽ നക്ഷത്രാങ്കിത ശുഭ്രപതാക പാറിപ്പറപ്പിച്ചുകൊണ്ട് വിദ്യാർത്ഥി സമൂഹം ശരിയുടെ പക്ഷത്താണെന്ന് തെളിയിച്ചു, തുടർന്ന് വിദ്യാർത്ഥി കേന്ദ്രീകൃതവും സാമൂഹികപ്രാധാന്യമുള്ളതുമായ നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. തെരെഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിപ്രതിനിധികൾ താഴെ പറയും വിധമാണ്.

ചെയർമാൻ : **ലെവിൻ,** ജനറൽ സെക്രട്ടറി: **ഇമ്മാനുവൽ ബോബി ഗോമസ്,** ആർട്സ് ക്ലബ്ബ് സെക്രട്ടറി : **അർജുൻ അനിൽ,** വൈസ് ചെയർ പേഴ്സൺ : **പ്രിയങ്ക പ്രതാപ്,** മാഗസിൻ എഡിറ്റർ : **കിരൺ ജെ,** യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലേർസ് : **അനന്തു, പ്രേം.**

യൂണിയൻ കൺസൾട്ടന്റ് : ഡോ. സജു സണ്ണി

ആർട്സ് കൺസൾട്ടന്റ് : ഡോ. സരയൂ ദേവി. എ, മനോജ് കുമാർ. വി, ഗിരീഷ് യു. മാഗസിൻ കൺസൾട്ടന്റ്: ഡോ. സുപ്രിയ എം, ഡോ. സതീഷ്കുമാർ ജി, റോഷ്നി, ലിൻഡ പയസ് ജോൺ

### യൂണിയൻ ഉദ്ഘാടനം :- ഉദയം (നവം. 13, 2017)

'എല്ലാത്തിലും ഒരു നന്മ' എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കാൻ ആദ്യം മുതൽ ശ്രദ്ധ ചെലുത്തിയിരുന്നതിനാൽ വേറിട്ട രീതിയിൽ കാരുണ്യതീരത്തിലെ അമ്മ സിസ്റ്റർ തെരേസയ്ക്കും അവിടുത്തെ അനാഥ വിദ്യാർത്ഥികൾക്കും പുസ്തകങ്ങൾ വിതരണം ചെയ്തുകൊണ്ടാണ് സമന്വയ കലാലയ യൂണിയൻ പ്രവർത്തനം ആരംഭിച്ചത്. ഏകദേശം 1000 പുസ്തകങ്ങൾ നൽകാൻ സാധിച്ചു. ചാനൽ അവതാരകർ, റേഡിയോ ജോക്കി, ചലചിത്രതാരം എന്നീ നിലകളിൽ പ്രശസ്തനായ ശ്രീ. ആദിൻ ഇബ്രാഹിം ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തു.

### സ്ത്രീധനനിരോധനനിയമം (1961) ബോധവത്കരണ പരിപാടി (നവംബർ 21, 2017)

സ്ത്രീ തന്നെയാണ് ധനം. ലക്ഷക്കണക്കിന് രൂപ കല്യാണത്തിനും സ്ത്രീധനത്തിനുമായി ചെലവാക്കുന്ന ഈ കാലഘട്ടത്തിൽ ഏറ്റവും ഉചിതമായ ഒരു ക്ലാസ്സായിരുന്നു അത്.

### ജീവാംശം:

ഓരോ ക്ലാസ്സിൽ നിന്നും രക്തദാനം ചെയ്യാൻ താത്പര്യമുള്ള വിദ്യാർത്ഥികളുടെ ഒരു രേഖ തയ്യാറാക്കി. ജില്ലയിൽ പല ആശുപത്രിയിലും അത്യാവശ്യ സന്ദർങ്ങളിൽ രോഗികൾക്ക് രക്തം സൗജന്യമായി നൽകാൻ സാധിച്ചു.ഈ പ്രവർത്തനം ഇപ്പോഴും തുടർന്നുവരുന്നു.

### ചെറുതുള്ളികൾ: (ഡിസംബർ 20, 2017)

ജലത്തിന്റെ മൂല്യത്തെപ്പറ്റി വിദ്യാർത്ഥികളിൽ ഒരു അവബോധമുണ്ടാക്കുന്നതിനായി യൂണിയൻ ... ഡിസൈനിംഗ് മത്സരം നടത്തുകയുണ്ടായി. വിദ്യാർ... നിന്നു ലഭിച്ച പോസ്റ്ററുകളിൽ മികച്ചവ കോളേജിൽ ...ക്കുകയും ചെയ്തു.

### ഓഖിദുരന്ത ധനസഹായം (ഡിസംബർ 22, 20...

കോളേജിലെ ക്രിസ്തുമസ് ആഘോഷത്തി... കലാലയ യൂണിയന്റെ പേരിൽ ഒരു ... ഭീമൻ നക്ഷത്രത്തെയും ഒരുക്കി ആഘോഷങ്ങൾ... ഓഖി ദുരന്തബാധിതരെ സഹായിക്കാനായി വിദ്യാർ... നിന്ന് യൂണിയൻ ധനസഹായം സമാഹരിക്കുകയും ...ധിതർക്കു നൽകുകയും ചെയ്തു.

### നൂപുരം 2018

2018 ജനുവരി 11 ന് കോളേജിൽ ആർട്സ് ... ബന്ധിച്ച് കലാപരിപാടികൾ സംഘടിപ്പിച്ചു. ... മൊബിലിറ്റി ഇൻഡിസ് ട്രോഫി എന്ന സംഘട... മുഖ്യസംഘാടകനായ കൃഷ്ണകുമാർ ഉദ്ഘാടനം ... 2017 ലെ യൂണിവേഴ്സിറ്റി യുവജനോത്സവ വിജയിയായ ... പ്രിയ എന്ന വിദ്യാർത്ഥിനിക്ക് മൈൻഡ് സംഘടന ... ഏക്കോ ഫ്രണ്ട്ലി കടലാസുപേനകൾ നൽകിയ... ഉദ്ഘാടനം നിർവ്വഹിച്ചത്. കലോത്സവത്തിൽ പങ്കെ... എല്ലാ വിദ്യാർത്ഥികൾക്കും കൃത്യമായി സർട്ടിഫിക്ക... കളും നൽകുകയും, 2018 ൽ കൊല്ലം വേദിയായി നട... കലാശാലായുവജനോത്സവത്തിൽ പങ്കെടുത്തു ഉജ്ജ്വ... കയും ചെയ്യുന്നതിൽ സമന്വയ കലാലയ യൂണിയൻ ... ജയം നേടി. കലോത്സവ വേളയിൽ കേരളയൂണിവേഴ്സി... യതെ പൂർണ്ണമായി പിന്തുണയ്ക്കാൻ യൂണിയനു ... കേരള യൂണിവേഴ്സിറ്റി കലോത്സവത്തിന്റെ പ്രചര... വിശ്വപ്രസിദ്ധ ഫോട്ടോഗ്രാഫർ നിക്ക്- ഉട്ട് ... വിദ്യാർത്ഥികളുമായി തന്റെ അനുഭവങ്ങൾ പങ്കുവെക്കു... സൗഹൃദസംഭാഷണത്തിൽ ഏർപ്പെടുന്നതിനും വേദി ...ക്കൊടുക്കാൻ യൂണിയനു സാധിച്ചു.

### കളക്ടർക്കു നിവേദനം (ജനുവരി 20, 2018)

സമന്വയ കലാലയയൂണിയൻ കൊല്ലം ജില്ലയിലെ ... സ്ഥലങ്ങളെപ്പറ്റി നടത്തിയ പഠനത്തിൽ ... വീൽചെയർഫ്രണ്ട്ലി അല്ലെന്ന് മനസ്സിലാക്കുകയും ഇ... ഹരിക്കുന്നതിനായി മൈൻഡ് സംഘടനയുമായി ചേർ... കളക്ടർക്കു പരാതി നൽകുകയും ചെയ്തു. ... സ്ഥലവും വീൽചെയർഫ്രണ്ട്ലി ആക്കുമെന്ന് ജില്ലാ ക... കാർത്തികേയൻ ഉറപ്പു നൽകി.



Scanned with CamScanner

## മുക്തി (ഫെബ്രുവരി 8, 2018)

ലഹരിക്കെതിരായുള്ള ബോധവത്കരണത്തിനായി 'സമ യ' കലാലയ യൂണിയന്റെ നേതൃത്വത്തിൽ ഫ്ളാഷ്മോബ് ംഘടിപ്പിച്ചു. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ശ്രീ. ുരേഷ് റിച്ചാർഡ് നയിച്ച സമ്മേളനത്തിൽ വിദ്യാർത്ഥികൾ ലഹ വിരുദ്ധ പ്രതിജ്ഞയെടുക്കുകയും അതിനോടനുബന്ധിച്ച് ലഹ വിരുദ്ധ പഠനക്ലാസ്സ് നടത്തുകയും ചെയ്തു.

## ാർഷിക കായികമേള (2017-18)

സമന്വയ കലാലയയൂണിയന്റെ നേതൃത്വത്തിൽ കായിക തിഭകൾക്കായി സംഘടിപ്പിച്ച ഈ അധ്യയനവർഷത്തെ കായി ദിനം പ്രിൻസിപ്പാൾ തിരികൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. ിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും മത്സരങ്ങൾ ഏർപ്പെടു ി. വിജയികൾക്കു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## ിഥംസ് ഓഫ് ഫാത്തിമ (ഫെബ്രുവരി 27, 2018)

കൊല്ലം ബെൻസിഗർറേഡിയോയുടെ തുറന്ന വേദിയിൽ കാളേജിലെ കലാകാരന്മാർക്ക് അവസരം നൽകിയ ഈ ർഷത്തെ മികച്ച ഒരു പ്രവർത്തനം ആയിരുന്നു റിഥംസ് ഓഫ് ാത്തിമ. ലൈവ് മ്യൂസിക്കൽ ഷോയൊടൊപ്പം ഫാത്തിമയിലെ ലാപ്രതിഭകളും തങ്ങളുടെ മികവുപ്രകടിപ്പിച്ചു.

## നിതാദിനാഘോഷം (മാർച്ച് 7, 2018)

ഫാത്തിമ കോളേജ് വുമൺ സ്റ്റഡി യൂണിറ്റും 'സമന്വയ' ലാലയയൂണിയനും സംയുക്തമായി 2018 മാർച്ച് 7 നു വനിതാ ിനാഘോഷം സംഘടിപ്പിച്ചു. സംസ്ഥാന ഫിലിംഫെസ്റ്റ് പുര സ്കാര ജേതാവ് ശ്രീമതി വിധു വിൻസെന്റ് പരിപാടി ഉദ്ഘാ നം ചെയ്തു. തുടർന്നു പെൺകുട്ടികൾക്കായുള്ള ക്ലാസ്സും കലാ രിപാടികളും നടത്തി.

## ഫിലിം ഫെസ്റ്റിവൽ AFFCA 2018 (മാർച്ച് 8, 2018)

ഫാത്തിമ കലാലയത്തിലെ ചലച്ചിത്ര മേഖലയിൽ പവർത്തിക്കുന്ന യുവപ്രതിഭകൾക്കു മികച്ച ഒരു അവസരമായി ാണ് ഫിലിംഫെസ്റ്റിവൽ സംഘടിപ്പിച്ചത്. ശ്രീ. അനിൽ അമ്പല രെ ഉദ്ഘാടനം നിർവ്വഹിച്ച ഫിലിം ഫെസ്റ്റിവലിൽ വിദ്യാർത്ഥി കൾ നിർമ്മിച്ച 12 ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിച്ചു. മികച്ച ചിത്രം, ികച്ച സംവിധായകൻ, ജനപ്രിയചിത്രം എന്നിങ്ങനെ പുരസ്കാ ങ്ങളും നിർണ്ണയിക്കുകയുണ്ടായി.

## ഗ്രീൻ കാംപസ്, ക്ലീൻ കാംപസ്

കലാലയത്തിന്റെ വൃത്തി കാത്തു സൂക്ഷിക്കുന്ന തിനും പ്ലാസ്റ്റിക്ഉന്മൂലനം എന്ന ലക്ഷ്യത്തിനുമായി 'സമന്വയ' കലാലയയൂണിയന്റെ നേതൃത്വത്തിൽ വിവിധ ഭാഗങ്ങളിലുമായി ചവറുകുട്ടകൾ സ്ഥാപിച്ചു.

## യോഗാ ക്ലാസ്സ് (മാർച്ച് 15, 2018)

ഹെൽത്ത് എഡ്യൂക്കേഷൻ ക്ലബ്ബും സമന്വയ കലാ ലയ യൂണിയനും ചേർന്ന് അന്താരാഷ്ട്ര യോഗാദിനമായ മാർച്ച് 15 ന് വിദ്യാർത്ഥികൾക്കായി യോഗാപഠനത്തെ സംബന്ധിച്ച ക്ലാസ്സും യോഗാപരിശീലനവും സംഘടിപ്പിച്ചു. വർഷങ്ങളായ യോഗാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ശ്രീമതി പ്രിയ ആണ് ക്ലാസ്സിനും പരിശീനത്തിനും നേതൃത്വം നൽകിയത്.

## കോളേജ് ഡേ (മാർച്ച് 27, 2018)

2017-18 വർഷത്തെ കോളേജ് ഡേ 27 മാർച്ച് 2018 ന് സംഘടിപ്പിച്ചു. ഉദ്ഘാടനം സിനിമാതാരം കിങ് ഫെയിം ശ്രീ. അശ്വിൻ ജോസ് നിർവ്വഹിച്ചു. മാന്യമഹാജനങ്ങളെ റിയാലിറ്റിഷോ വിജയി നൗഫൽ എൻ. മുഖ്യപ്രഭാഷണം നടത്തി വേദിക്ക് ഊർജ്ജവും ആവേശവും പകർന്നു. സർവ്വകലാശാല യുവജനോത്സവ-കായിക പ്രതിഭകൾക്കുള്ള ആദരവിനും ഈ പരിപാടി വേദിയായി. യൂണിയൻ നടത്തിയ വിവിധ കലാകായികമത്സരത്തിലെ വിജയികൾക്കു സമ്മാനം നൽകി. യോഗനടപടികൾക്കു ശേഷം മികച്ച കലാപ്രകടനങ്ങൾക്ക് കോളേജ്ഡേ അവസരം ഒരുക്കി.

ചുരുങ്ങിയ സമയത്തിനുള്ളിലും പരിമിതമായ സാഹചര്യങ്ങളിലും പ്രാവർത്തികമാക്കാവുന്ന ഏറ്റവും നല്ല പ്രവർത്തനങ്ങളാണ് സമന്വയ കലാലയ യൂണിയൻ ഇപ്രാവശ്യം ലക്ഷ്യമാക്കിയതും ഏറെക്കുറെ സാക്ഷാത്കരിച്ചതും. യൂണിയൻപ്രവർത്തനങ്ങൾക്കു ഞങ്ങളോടു സഹകരിക്കുകയും കൃത്യസമയത്ത് വേണ്ട മാർക്ഷനിർദ്ദേശങ്ങൾ നൽകുകയും ചെയ്ത ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ, വൈസ് പ്രിൻസിപ്പാൾ, യൂണിയൻ കൺസൾട്ടന്റ്, അധ്യാപക-അനധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെയെല്ലാം പിന്തുണയ്ക്ക് ആത്മാർത്ഥമായ നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. തുടർന്നുള്ള വർഷങ്ങളിലും മികച്ച കലാലയയൂണിയൻപ്രവർത്തനങ്ങൾ കാംപസിൽ നടക്കാനിടവരട്ടെ എന്നു പ്രത്യാശിച്ചു കൊണ്ട് 2017-18 സമന്വയ കലാലയയൂണിയൻ റിപ്പോർട്ട് ഏവരുടെയും അംഗീകാരത്തിനായി സമർപ്പിക്കുന്നു.






വിമുക്തി 2018



യൂണിയൻ ഉദ്ഘാടനം



ഓഖിദുരന്ത ധനസഹായം



'ചെറുതുള്ളികൾ'



സ്ത്രീധനനിരോധനനിയമം (1961) ബോധവത്കരണ പരിപാടി

## 'നൂപുരം 2018'

കൊല്ലം • ഫാത്തിമ മാതാ നാഷനൽ കോളജ് കലോത്സവം 'നൂപുരം 2018' മൈൻഡ് ഓർഗനൈസേഷൻ സജീവാംഗം കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു. മൈൻഡ് ഓർഗനൈസേഷൻ നിർമിച്ച പ്ലാസ്റ്റിക്ക് ഫ്രീ ഇക്കോ ഫ്രണ്ട്ലി പേനകൾ നൽകിയായിരുന്നു ഉദ്ഘാടനം. കോളജ് വൈസ് പ്രിൻസിപ്പൽ ഡോ. എ.ആർ.ടൈറ്റസ്, ആർട്സ് കൺസൽറ്റന്റ് വി.മനോജ്കുമാർ, യു.ഗിരീഷ്, യൂണിയൻ ഭാരവാഹികളായ പ്രിയങ്ക പ്രതാപ്, എ.അർജുൻ, ഇമ്മാനുവൽ ബോബി എന്നിവർ പ്രസംഗിച്ചു.




ഫാത്തിമ മാതാ നാഷനൽ കോളജ് കലോത്സവം 'നൂപുരം 2018' കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്യുന്നു.



ഫിലിം ഫെസ്റ്റിവൽ



വാർഷിക കായികമേള (2017-18)




Scanned with CamScanner